**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**235** — **04-06-2018** ൽ മറുപടിയ്ക്ക്

## ചാത്തന്നൂരിൽ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ജി. എസ്. ജയലാൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ചാത്തന്നൂർ ആസ്ഥാനമായി പുതിയ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനുള്ള നടപടി കളിലെ പുരോഗതി വ്യക്തമാക്കാമോ; | **(എ)&(ബി)** ചാത്തന്നൂർ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനായി നിലവിൽ കണ്ടെത്തിയിട്ടുള്ള, കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ-സർവ്വേ നം.91/14 ൽ പ്പെട്ടതും ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ളതുമായ 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് വേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത അഗ്നി രക്ഷാനിലയത്തിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കൊല്ലം താലൂക്കിലെ മീനാട് വില്ലേജിൽ ഉൾപ്പെട്ട റീ: സർവ്വെ **91/14**ൽ ഉൾപ്പെട്ട **20** സെന്റ് ഭൂമി വകുപ്പിന് കൈമാറിക്കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട് എന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ